പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 671. 28.09.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആധിക്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികളുടെ ആധിക്യം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള മാറ്റത്തെക്കുറിച്ച് ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആധിക്യം സംസ്ഥാനത്തെ തൊഴിൽ മേഖലകളിൽ സൃഷ്ടിച്ചിട്ടുള്ള മാറ്റത്തെക്കുറിച്ച് ഗൗരവമായ പഠനങ്ങൾ തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ കേരള സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ 2013-ൽ കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ വിഷയങ്ങളെക്കുറിച്ച് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ആയാസമേറിയ തൊഴിൽ മേഖലയിൽ ഏർപ്പെടുന്ന തദ്ദേശീയരായ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം നമ്മുടെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) വിലയിരുത്തിയിട്ടില്ല. |
| (സി) ഇതരസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം മൂലം ഓരോ തൊഴിൽ മേഖലയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പ്രത്യേകം വിലയിരുത്തുന്നതിനും സാമ്പത്തിക മേഖലയിൽ ഇതുമൂലം വന്നിട്ടുള്ള മാറ്റങ്ങൾ പഠിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ